ഇലക്ട്രോണിക്സ് തുടങ്ങിയ വ്യാവസായിക സംരംഭങ്ങളാരംഭിക്കുവാനും സഹായിക്കുന്ന തരത്തിൽ ഒരു പദ്ധതി ആവിഷ്കരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

പരിശോധിക്കുന്നതാണ്.

ഏറ്റവുമധികം ടേൺ ഓവർ ഉള്ള പൊതുമേഖലാ സ്ഥാപനം

8 (3078) ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഏറ്റവുമധികം ടേൺ ഓവർ ഉള്ള പൊതുമേഖലാ സ്ഥാപനം ഏതാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സ്ഥാപനത്തിൽ എത്ര തൊഴിലാളികളാണ് ജോലി ചെയ്തുവരുന്നത് എന്നും വിശദീകരിക്കുമോ;

(സി) പ്രസ്തുത സ്ഥാപനം ലാഭത്തിലാണോ പ്രവർത്തിക്കുന്നത് എന്ന് വിശദീകരിക്കുമോ;

(ഡി) പ്രസ്തുത സ്ഥാപനത്തിലെ 1998-99 വരെ അറ്റാദായം എത്രയാണ് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1998-99 'എ റിവ്യൂ ഓഫ് പബ്ലിക് എന്റർപ്രൈസസ് ഇൻ കേരള' പ്രകാരം കേരളത്തിൽ ഏറ്റവും കൂടുതൽ ടേൺ ഓവർ ഉള്ള പൊതുമേഖലാ സ്ഥാപനം 'കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്' ആണ്.

(ബി) ഈ സ്ഥാപനത്തിൽ 24216 ജീവനക്കാരാണ് ജോലി ചെയ്യുന്നത്.

(സി) അതെ.

(ഡി) ഒരു സ്ഥാപനത്തിന്റെ അറ്റാദായം കണക്കാക്കുന്നത് അതാത് വർഷത്തിലേക്കാണ്. 1998-99-ലെ ഈ സ്ഥാപനത്തിന്റെ അറ്റാദായം 38.75 കോടി രൂപയാണ്. ഈ സ്ഥാപനത്തിന്റെ 1998-99 വരെ ഉള്ള കരുതൽ സമ്പാദ്യം (റീട്ടെയിൽസ് ഏണിംഗ്സ്) 382.28 കോടി രൂപയാണ്.

ഏറ്റവും അധികം ലാഭമുണ്ടാക്കുന്ന പൊതുമേഖലാ സ്ഥാപനം

9 (3079) ശ്രീ എ കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഏറ്റവും അധികം ലാഭമുണ്ടാക്കുന്ന പൊതുമേഖലാ സ്ഥാപനം ഏതാണെന്ന് വിശദമാക്കുമോ;

(ബി) കഴിഞ്ഞ പത്ത് സാമ്പത്തികവർഷങ്ങളിലെ പ്രസ്തുത സ്ഥാപനത്തിന്റെ ലാഭനഷ്ട കണക്കുകൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനത്തിൽ ആകെ എത്ര തൊഴിലാളികളാണ് ഉള്ളത് എന്ന് വിശദീകരിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly